ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 06.05.2025**

## പ്രധാനവാർത്തകൾ

1.) **കേന്ദ്ര ആഭ്യന്തര സെക്രട്ടറി വിളിച്ചു ചേർത്ത സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ യോഗം പുരോഗമിക്കുന്നു. അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള മോക്ക് ഡ്രില്ലിന് തയ്യാറെടുത്ത് സംസ്ഥാനങ്ങൾ.**

2.) **പൂരാവേശത്തിൽ തൃശൂർ ; ഘടകപൂരങ്ങൾ വടക്കുംനാഥ സന്നിധിയിൽ ; ഇലഞ്ഞിത്തറ മേളത്തിനും കുടമാറ്റത്തിനും ഉള്ള കാത്തിരിപ്പിൽ പുരുഷാരം.**

3.) **ദേവികുളം എംഎൽഎ എ രാജയുടെ തിരെഞ്ഞെടുപ്പ് സുപ്രീംകോടതി ശരിവച്ചു ; വിജയം അസാധുവാക്കിയ ഹൈക്കോടതി വിധി റദ്ദാക്കി.**

4.) **സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ആലപ്പുഴ ജില്ലാതല യോഗത്തിൽ മുഖ്യമന്ത്രി പങ്കെടുക്കുന്നു.**

5.) **IPL ക്രിക്കറ്റിൽ ഇന്ന് ആതിഥേയരായ മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

*******************************

## യു എൻ - പഹൽഗാം

പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് യു എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ്. ആക്രമണത്തിൽ

RNU TVPM

മരിച്ചവരുടെ കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതായും അദ്ദേഹം പറഞ്ഞു. സാധാരണക്കാരെ ലക്ഷ്യംവെച്ചുള്ള ഇത്തരം ആക്രമണങ്ങൾ ഒരു രീതിയിലും അംഗീകരിക്കാൻ സാധിക്കില്ല. ഇന്ത്യ - പാക് സംഘർഷം ചർച്ച ചെയ്യാൻ ചേർന്ന സുരക്ഷാ സമിതി യോഗത്തിന് മുന്നോടിയായി ന്യൂയോർക്കിലെ യു എൻ ആസ്ഥാനത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആക്രമണത്തിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും യു എൻ സെക്രട്ടറി ജനറൽ ആവശ്യപ്പെട്ടു.

*****************************

## മോക് ഡ്രിൽ

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശത്തെത്തുടർന്ന് വിവിധ സംസ്ഥാനങ്ങൾ അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള തയ്യാറെടുപ്പ് ആരംഭിച്ചു. നാളെ മോക്ക് ഡ്രില്ലുകൾ നടത്താൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്. വ്യോമ ആക്രമണത്തെക്കുറിച്ച് മുന്നറിയിപ്പ് നല്കാനുള്ള എയർ റെയിഡ് സൈറൻ സ്ഥാപിക്കുക, അടിയന്തര ഒഴിപ്പിക്കൽ സ്വീകരിക്കുക, തന്ത്രപ്രധാന കേന്ദ്രങ്ങൾ പെട്ടെന്ന് കണ്ടെത്താതിരിക്കാനുള്ള നടപടി എടുക്കുക, വിദ്യാർത്ഥികൾക്കടക്കം പരിശീലനം നല്കുക തുടങ്ങിയ നിർദ്ദേശങ്ങൾ കേന്ദ്രം നല്കിയിട്ടുണ്ട്. നാളത്തെ സിവിൽ ഡിഫൻസ് മോക്ക് ഡ്രില്ലുമായി ബന്ധപ്പെട്ട കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ വിളിച്ചു ചേർത്ത സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ യോഗം പുരോഗമിക്കുകയാണ്..

*****************************

## പാക് പ്രകോപനം

ജമ്മു കശ്മീരിൽ, നിയന്ത്രണ രേഖയിൽ പാക് പ്രകോപനം. കുപ്‌വാര, ബാരാമുള്ള, പൂഞ്ച്, രജൗരി, മെന്ദാർ, നൗഷേര,

RNU TVM

സുന്ദർബാനി, അഖ്നൂർ എന്നിവിടങ്ങളിലെ നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യം വെടിയുതിർത്തു. ഇന്ത്യൻ സൈന്യം ഫലപ്രദമായി തിരിച്ചടിച്ചതായി പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

******************************

## തൃശൂർ പൂരം ... ഇൻട്രോ

ശക്തൻ തമ്പുരാന്റെ മണ്ണിൽ പൂരാവേശം കൊടുമ്പിരിക്കൊള്ളുന്നു തിടമ്പേറ്റിയ തെച്ചിക്കോട്ടുകാവ് രാമചന്ദ്രന് ജനസഹസ്രങ്ങൾ ആവേശകമായ വരവേൽപ്പ് നൽകി. ഘടകപൂരങ്ങൾ വടക്കുംനാഥ സന്നിധിയിലെത്തി ക്കൊണ്ടിരിക്കുകയാണ്. ഇലഞ്ഞിത്തറ മേളത്തിനും കുടമാറ്റത്തിനും ഉള്ള കാത്തിരിപ്പിലാണ് പുരുഷാരം. **പൂരനഗരിയിൽ നിന്ന് പൂരവിശേഷങ്ങളുമായി ഭരിതാ പ്രതാപ് ..............**

(വോയ്സ്)

******************************

## എ.രാജ എം എൽ എ

ഇടുക്കി ദേവികുളം നിയമസഭാ തിരഞ്ഞെടുപ്പ് കേസിൽ ദേവികുളം എംഎൽഎ എ രാജയുടെ തിരെഞ്ഞെടുപ്പ് സുപ്രീംകോടതി ശരിവച്ചു. തിരഞ്ഞെടുപ്പ് വിജയം റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി റദ്ദാക്കി. ജസ്റ്റിസുമാരായ അഹ്സാനുദ്ദീൻ അമാനുള്ള, പികെ മിശ്ര എന്നിവർ ഉൾപ്പെട്ട രണ്ടംഗ ബെഞ്ചാണ് വിധി പറഞ്ഞത്. പട്ടികജാതി സംവരണത്തിന് രാജയ്ക്ക് അർഹതയുണ്ടെന്നും സുപ്രീംകോടതി വിലയിരുത്തി. പൂർവ്വികർ തിരുനെൽവേലിയിൽ നിന്ന് 1950 ഓഗസ്റ്റ് 10ന് മുൻപ് കുടിയേറിയവരാണെന്നും ഇതിന് രേഖകളുണ്ടെന്നുമാണ് എ രാജയുടെ അഭിഭാഷകൻ

RNU TVPM

സുപ്രീംകോടതിയിൽ ഉയർത്തിയ വാദം. ഇത് സുപ്രീംകോടതി ശരിവയ്ക്കുകയായിരുന്നു.

*****************************

## ശിവൻകുട്ടി - പ്ലസ് വൺ

ഇക്കൊല്ലത്തെ പ്ലസ് വൺ പ്രവേശനത്തിന് മെയ് 16 മുതൽ ഏകജാലക സംവിധാനത്തിലൂടെ മെയ് 20 വരെ അപേക്ഷിക്കാം. വിവിധ ജില്ലകളിലായി 10 മുതൽ 20 ശതമാനം വരെ സീറ്റുകൾ വർദ്ധിപ്പിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. 81,330 സീറ്റുകൾ, താൽകാലിക ബാച്ചുകൾ, സീറ്റ് വർധന എന്നിവ അനുവദിക്കും.

*****************************

RNU TVPM

## കാട്ടാക്കട കൊലപാതകം - വിധി

തിരുവനന്തപുരം കാട്ടാക്കട സ്വദേശിയായ പത്താംക്ലാസ് വിദ്യാർത്ഥി ആദി ശേഖറിനെ ബന്ധു കാറിടിച്ച് കൊലപ്പെടുത്തിയ കേസിൽ കോടതി ഇന്ന് വിധി പറയും. തിരുവനന്തപുരം അഡിഷണൽ സെഷൻസ് കോടതിയാണ് വിധി പ്രസ്താവിക്കുന്നത്. പൂവച്ചൽ സ്വദേശിയും കുട്ടിയുടെ ബന്ധുവുമായ പ്രിയരഞ്ജനാണ് കേസിലെ പ്രതി. പ്രിയരഞ്ജൻ കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയിരുന്നു.

*****************************

## നന്തൻകോട് കൂട്ടകൊലപാതകം

തിരുവനന്തപുരം, നന്തൻകോട് കൂട്ടക്കൊലപാതക്കേസിലെ വിധി പ്രസ്താവിക്കുന്നത് ജില്ലാ സെഷൻസ് കോടതി വ്യാഴാഴ്ചത്തേക്ക് മാറ്റി. കേസിലെ ഏക പ്രതിയായ കേഡൽ ജിൻസൺ രാജയ്ക്കെതിരെ 92 സാക്ഷികളുടെ വിസ്താരം

പൂർത്തിയാക്കിയിരുന്നു. 2017 ഏപ്രിലിൽ ആയിരുന്നു നാടിനെ നടുക്കിയ കൊലപാതകം നടന്നത്.

******************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....
(ബ്രേക്ക്)

******************************

ആലപ്പുഴ - മുഖ്യമന്ത്രി... ഇൻട്രോ

2016 ന് ശേഷം എല്ലാ മേഖലകളിലും കേരളം മികച്ച പുരോഗതിയാണ് കൈവരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി ആലപ്പുഴയിൽ നടന്ന ജില്ലാതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃത്യമായ ഇടപെടലിലൂടെ സംസ്ഥാനത്തിന്റെ പുരോഗതി ഉറപ്പാകണമെന്ന ധാരണയോടെ നടത്തിയ പ്രവർത്തനങ്ങളാണ് ഈ മാറ്റത്തിന് കാരണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(വോയിസ്)

RNU TVPM

******************************

എന്റെ കേരളം - ആലപ്പുഴ (ഇൻട്രോ)

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി ആലപ്പുഴയിൽ സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണനമേള ഇന്ന് വൈകിട്ട് മൂന്നിന് ആരംഭിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ..........**

(വോയ്സ്)

******************************

## എന്റെ കേരളം-കണ്ണൂർ

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഈ മാസം എട്ട് മുതൽ 14 വരെ കണ്ണൂർ പോലീസ് മൈതാനിയിൽ എന്റെ കേരളം പ്രദർശന വിപണന മേള നടക്കും. ഇതിനോടനുബന്ധിച്ച് സെമിനാറുകൾ, ഭക്ഷ്യമേള, കലാസാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അറിയിച്ചു.

*******************************

## മാർപാപ്പ - കോൺക്ലേവ്

നാളെ തുടങ്ങുന്ന കോൺക്ലേവിന് മുന്നോടിയായി എല്ലാ കർദിനാൾമാരും പങ്കെടുക്കുന്ന അവസാനത്തെ യോഗം ഇന്ന് നടക്കും. ഇന്നലത്തെ യോഗത്തിൽ 179 കർദിനാൾമാർ പങ്കെടുത്തു. അതിൽ 132 പേർ വോട്ടവകാശമുള്ളവരാണ്.

*******************************

## ഹജ്ജ് വിമാനം

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേനയുള്ള ഈ വർഷത്തെ ഹജ്ജ് തീർത്ഥാടകരുടെ യാത്ര ഈ മാസം 10 ന് ആരംഭിക്കും. കരിപ്പൂരിൽ നിന്ന് പുലർച്ചെയുള്ള ആദ്യ വിമാനത്തിൽ 173 തീർത്ഥാടകരുണ്ടാവും. 11 ന് പുലർച്ചെ നാലിന് കണ്ണൂരിൽ നിന്ന് 171 യാത്രക്കാരുമായി വിമാനം സൗദിയിലേക്ക് പുറപ്പെടും. കോഴിക്കോട്, കണ്ണൂർ എംബാർക്കേഷൻ പോയിൻറുകളിൽ നിന്ന് എയർ ഇന്ത്യ എക്സ് പ്രസും കൊച്ചിയിൽ നിന്ന് സൗദി എയർ ലൈൻസുമാണ് സർവ്വീസ് നടത്തുന്നത്.

*******************************

RNU TVPM

## സ്പർശ് - കോഴിക്കോട്

വിമുക്തഭടന്മാരുടെയും കുടുംബങ്ങളുടെയും പെൻഷൻ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനമായ 'സ്പർശ്" സേവനകേന്ദ്രത്തിന്റെ പന്ത്രണ്ടാം ഓഫീസ് നാളെ കോഴിക്കോട് പ്രവർത്തനം ആരംഭിക്കും. ചെന്നൈയിലെ കൺട്രോളർ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് ടി ജയശീലൻ ഉദ്ഘാടനം നിർവഹിക്കും. കോഴിക്കോട് വെസ്റ്റ് ഹില്ലിലെ വിമുക്തഭട ഭവനിൽ രാവിലെയാണ് പരിപാടി. പെൻഷൻകാരും ഉദ്യോഗസ്ഥരും തമ്മിലുള്ള ആശയവിനിമയം സുഗമമാക്കുന്നതിനും, പരാതികൾ പരിഹരിക്കുന്നതിനുമാണ് 'സ്പർശ്" സേവനകേന്ദ്രങ്ങളുടെ ലക്ഷ്യം.

*******************************

## ഐ പി എൽ

IPL ലിൽ ഇന്ന് മുംബൈയിൽ നടക്കുന്ന കളിയിൽ ആതിഥേയരായ മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകുന്നേരം 7:30 ന് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം.

RNU TVPM

*******************************

## ഖേലോ ഇന്ത്യ

ബീഹാറിലെ ഗയയിൽ നടക്കുന്ന ഖേലോ ഇന്ത്യ, യൂത്ത് ഗെയിംസിൽ കർണാടക ഒമ്പത് മെഡലുകളുമായി മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു. നാല് സ്വർണ്ണവും അഞ്ച് വെള്ളിയും ഉൾപ്പെടെ നേടിയാണ് കർണാടകയുടെ ആധിപത്യം. ആറ് മെഡലുകളുമായി ഡൽഹി രണ്ടാം സ്ഥാനത്തും മൂന്ന് മെഡലുകളുമായി രാജസ്ഥാൻ മൂന്നാം സ്ഥാനത്തും ആണ്. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ മൂന്നാം ദിവസമായ ഇന്ന്, ഹോക്കി, ടേബിൾ ടെന്നീസ്, സൈക്ലിംഗ്, റഗ്ബി എന്നീ മത്സരങ്ങൾ

ഉണ്ടാകും. ഇത് കൂടാതെ, സെപക് തക്രോ, ജൂഡോ, നീന്തൽ, ഷൂട്ടിംഗ് എന്നീ ഇനങ്ങളിലെ മത്സരങ്ങളും നടക്കും.

*******************************

## ഓഹരി , സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 211 പോയിൻറ് താഴ്ന്ന് 80,584 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 70 പോയിൻറ് നഷ്ടത്തിൽ 24,390 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില കൂടി. പവന് 2,000 രൂപ കൂടി 72,200 രൂപയും ഗ്രാമിന് 250 രൂപ വർധിച്ച് 9,025 രൂപയുമാണ് ഇന്നത്തെ വില.

**************************************************************************************

RNU TVPM